**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ .2940

18/06/2019 -ൽ മറുപടിയ്ക്ക്

**ആധാരം സ്വയം എഴുതി രജിസ്റ്റർ ചെയ്യുവാനുള്ള സൗകര്യം**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. പാറക്കൽ അബ്ദുല്ല**<br>**,, വി.കെ.ഇബ്രാഹിം കുഞ്ഞ്** | **ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) ആധാരം സ്വയം എഴുതി രജിസ്റ്റർ ചെയ്യുവാനുള്ള സൗകര്യത്തോട് പൊതുജനം വേണ്ടത്ര സഹകരിക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല . |
| (ബി) ഇല്ലെങ്കിൽ പദ്ധതി ആരംഭിച്ചിട്ട് എട്ട് മാസം പിന്നിടുമ്പോൾ ഇത് ഉപയോഗപ്പെടുത്തിയത് മുന്നൂറോളം പേർ മാത്രമാണെന്ന കാര്യം പരിശോധിക്കുകയുണ്ടായോ; | (ബി) ആധാരം സ്വയം എഴുതി രജിസ്റ്റർ ചെയ്യുവാനുള്ള പദ്ധതി പ്രകാരം നാളിതുവരെ 1847 ആധാരങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (സി) നടപടിക്രമങ്ങളിലെ സങ്കീർണതയും തെറ്റ് പറ്റുമോ എന്ന ആശങ്കയും ജനങ്ങളെ പദ്ധതിയിൽ നിന്ന് പിന്തിരിപ്പിക്കുന്നതായി കരുതുന്നുണ്ടോ;<br>(ഡി ) എങ്കിൽ നടപടിക്രമങ്ങൾ ലഘൂകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ നൽകാമോ? | (സി) യും (ഡി) യും പൊതുജനങ്ങൾക്ക് ആധാരങ്ങൾ സ്വയം തയ്യാറാക്കുന്നതിന് സഹായകരമായ രീതിയിൽ 19 തരം ആധാരങ്ങളുടെ മാതൃകകൾ ഡൌൺലോഡ് ചെയ്ത് ഉപയോഗിക്കുന്നതിലേയ്ക്കായി രജിസ്ട്രേഷൻ വകുപ്പിന്റെ വെബ് സൈറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ, ആധാരത്തോടൊപ്പം രജിസ്ട്രേഷനായി ഹാജരാക്കേണ്ട ഫയലിംഗ് ഷീറ്റുകളുടെ വലിപ്പം A3 സൈസിൽ നിന്നും A4 സൈസിലേക്ക് മാറ്റിയിട്ടുണ്ട്. ഈ സേവനങ്ങൾ ഫലപ്രദമായി പ്രയോജനപ്പെടുത്താമെന്നതിനാൽ പൊതുജനങ്ങൾ ഈ പദ്ധതിയിൽ നിന്നും പിന്തിരിയുമെന്ന് കരുതുന്നില്ല. |

**സെക്ഷൻ ഓഫീസർ**